**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79** **10-08-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായണ്‍ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്തു 100% ഗ്രാമീണ വീടുകൾക്കും കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണ ത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. ഈ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് 17.5 ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷനുകൾ ഉണ്ടായിരുന്നു. എന്നാൽ ഈ പദ്ധതി നിലവിൽ വന്നതിനുശേഷം 35.27 ലക്ഷം കണക്ഷനുകൾ ആയി (50.18%) വർദ്ധിച്ചിട്ടുണ്ട്. ബാക്കി 34.66 ലക്ഷം കണക്ഷനുകൾ നൽകാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |
| (ബി) | ജലജീവൻ മിഷൻ മുഖേന കണക്ഷനുകൾ നല്കുന്ന പ്രവൃത്തികൾക്ക് ദേശീയപാത വിഭാഗത്തിന്റെ അനുമതി സമയബന്ധിതമായി ലഭിക്കാറുണ്ടോ; വിശദമാക്കാമോ; | (ബി) | ജലജീവൻ മിഷൻ മുഖേന കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്ക് ദേശീയ പാത മുറിച്ചു പൈപ്പ് സ്ഥാപിക്കാൻ അനുമതി നൽകുന്നത് ദേശീയപാത അതോറിറ്റിയും(NHAI) സംസ്ഥാന ദേശീയപാത ഏജൻസിയുമാണ്(PWD – NH MoRTH). ജെ.ജെ.എം പ്രവൃത്തികളുമായി ബന്ധപ്പെട്ട് 92 അപേക്ഷകൾ NHAI ക്ക് സമർപ്പിച്ചതിൽ 69 അപേക്ഷകൾക്ക് ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. (ഇതിൽ പണമടച്ച 59 അപേക്ഷകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. 10 അപേക്ഷകൾക്ക് പണം ഒടുക്കുന്ന മുറക്ക് അനുമതി ലഭിക്കുന്നതാണ്.) 20 അപേക്ഷകൾക്ക് യൂട്ടിലിറ്റി ഡക്ടുകൾ സ്ഥാപിച്ചു ചെയ്യുന്നതിന് വേണ്ടി തത്വത്തിൽ NHAI അംഗീകാരം നൽകിയിട്ടുണ്ട്. ആയത് എസ്റ്റിമേറ്റ് എടുത്ത് NHAI ഡിമാൻഡ് നോട്ടീസ് നൽകുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 3 പ്രൊപ്പോസലുകൾ നിലവിൽ ഡക്ട് പ്രൊപ്പോസൽ ആക്കി അംഗീകാരം ലഭിക്കുന്നതിനു വേണ്ടി NHAI യ്ക്കു സമർപ്പിച്ചിട്ടുണ്ട്. ആയത് ജോയിൻറ് ഇൻസ്പെക്ഷൻ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞ് ഡിമാൻഡ് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ NHAI ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി ആകെ 80 അപേക്ഷകൾ സ്റ്റേറ്റ് PWD NH ന് നൽകിയിട്ടുണ്ട്. ഇൗ അപേക്ഷകൾക്ക് NH MoRTH റീജിണൽ ഓഫീസിന്റെ അനുമതി ആവശ്യമായിരുന്നു. ഇതിൽ 15 അപേക്ഷകൾക്ക് അനുമതി നൽകുകയും ബാക്കിയുളളവ നിരസിക്കുകയും ചെയ്തിരുന്നു. എന്നാൽ 19.04.2023-ന് കേന്ദ്ര ഉപരിതല ഗതാഗത ദേശീയപാത അഡീഷണൽ സെക്രട്ടറി നടത്തിയ യോഗത്തെ തുടർന്ന് 53 എണ്ണം MoRTH റീജിയണൽ ഓഫീസിൽ തത്വത്തിൽ അംഗീകരിക്കുകയും വ്യവസ്ഥകൾക്ക് വിധേയ മായി അംഗീകാരം നൽകുന്നതിന് PWD –NH ചീഫ് എഞ്ചിനീയറോട് ശിപാർശ ചെയ്യുകയും ചെയ്തു. ഇൗ 53 എണ്ണത്തിൽ 3 എണ്ണത്തിന് PWD NH ൽ നിന്നും 23-07-2023 ന് ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 12 അപേക്ഷകൾ PWD – NH ന്റേതു മാത്രമാണ്. ഇതിൽ 2 എണ്ണത്തിനു 24.07.2023, 29.07.2023 എന്നീ തീയതികളിൽ ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തു 100% ഗ്രാമീണ വീടുകൾക്കും കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണ ത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. ഈ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് 17.5 ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷനുകൾ ഉണ്ടായിരുന്നു. എന്നാൽ ഇൗ പദ്ധതി നിലവിൽ വന്നതിനുശേഷം 35.27 ലക്ഷം കണക്ഷനുകൾ ആയി (50.18%) വർദ്ധിച്ചിട്ടുണ്ട്. ബാക്കി 34.66 ലക്ഷം കണക്ഷനുകൾ നൽകാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |
| (സി) | ദേശീയപാത വിഭാഗത്തിന്റെ അനുമതിയുടെ അഭാവം കൊണ്ടുമാത്രം ജലജീവൻ മിഷനുകീഴിൽ ആയിരക്കണക്കിന് കണക്ഷനുകൾ നല്കുന്നതിൽ തടസം നേരിടുന്ന സാഹചര്യം മറികടക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | ദേശീയപാത വിഭാഗത്തിന്റെ അനുമതിയുടെ അഭാവം കൊണ്ട് ജല ജീവൻ മിഷനു കീഴിൽ കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം നേരിടുന്നത് മറികടക്കാൻ നിരന്തരമായ റിവ്യൂ മീറ്റിംഗുകൾ നാഷണൽ ജെ.ജെ.എം നടത്തി വരുന്നു. റീജിണൽ ഓഫീസ് കേന്ദ്രീകരിച്ചുള്ള നിരന്തരമായ ഫോളോ അപ്പുകളും തുടരുന്നു. കൂടാതെ വർക്കുകൾ നടക്കുന്ന അതത് ഓഫീസുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ NHAI പ്രൊജക്ട് ഡയറക്ടറുമായി |

| | | | |
|---|---|---|---|
| | | | സൈറ്റ് ഇൻസ്പെക്ഷനുകൾ നടത്തി ബന്ധപ്പെട്ട പ്രൊജക്റ്റ് ഡയറക്ടർ, റീജിണൽ ഓഫീസർ NHAI യ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് യഥാസമയം ഫോളോ അപ് ചെയ്ത് അനുമതി ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നിരന്തരം ജെ.ജെ.എം പ്രൊജക്ട് മാനേജ്മെൻറ് യൂണിറ്റ് വഴി നടത്തി വരികയും ചെയ്യുന്നു.<br><br>65 അപേക്ഷകൾക്ക് NH (MoRTH) സമബന്ധിതമായി അനുവാദം നൽകാത്തതി നാൽ കണക്ഷനുകൾ നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഇത് മറികടക്കുന്നതിലേക്കായി ബന്ധപ്പെട്ട റോഡ് അധികാരികളെ ഉൾപ്പെടുത്തി ഉന്നതതല യോഗങ്ങൾ വിളിച്ച് ജലജീവൻ മിഷൻ പ്രവൃത്തിയുടെ പ്രാധാന്യം ഉൾക്കൊണ്ട് റോഡ് കട്ടിംഗ് അനുമതി വേഗത്തിലാക്കുന്നതിനു നിർദ്ദശം നൽകുകയുണ്ടായി. കൂടാതെ ബന്ധപ്പെട്ട ഓഫീസുകളുമായി നിരന്തരം ഫോളോ അപ് ചെയ്യുകയും ആവശ്യമായ രേഖകൾ ബന്ധപ്പെട്ട റോഡ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം സമയബന്ധിതമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി നടത്തിയ ആശയവിനിമയങ്ങളുടെയും ചർച്ചകളുടെയും വിശദാംശം അറിയിക്കാമോ; | (ഡി) | MoRTH ന്റെ റീജിയണൽ ഓഫീസിൽ നിന്നും 53 അപേക്ഷകൾ പല കാരണങ്ങൾ ചൂണ്ടിക്കാട്ടി അനുവാദം നിഷേധിച്ചിരുന്നു. ഈ കാര്യം നാഷണൽ ജെ.ജെ.എം ഡയറക്ടറെ രേഖാമൂലം അറിയിക്കുകയും ദേശീയപാതകളുടെ അനുമതി യഥാസമയം ലഭ്യമാക്കുന്നതിന് വേണ്ടി സംസ്ഥാന ജലവിഭവ വകുപ്പ് സെക്രട്ടറി കേന്ദ്ര ജൽശക്തി വകുപ്പ് സെക്രട്ടറിയ്ക്ക് കത്ത് നൽകുകയും അതുവഴി കേന്ദ്ര ഉപരിതല ഗതാഗത ദേശീയ പാത അഡീഷണൽ സെക്രട്ടറി NHAI, NH(MoRTH) എന്നീ ഏജൻസികളുമായി അടിയന്തിര മീറ്റിംഗുകൾ 19.07.2023, 20.07.2023 എന്നീ ദിവസങ്ങളിൽ നടത്തി നിർദ്ദേങ്ങൾ റീജിണൽ ഓഫീസർമാർക്ക് നൽകുകയും ചെയ്തു . തുടർന്നു റീജിണൽ ഓഫീസർമാർ സമർപ്പിക്കപ്പെട്ട എല്ലാ അപേക്ഷകൾക്കും തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. |
| (ഇ) | ദേശീയപാതാ വിഭാഗത്തിന്റെ അനുമതി ലഭിക്കുന്നതിനുള്ള തടസങ്ങൾ പരിഹരിച്ച് ജലജീവൻ പദ്ധതി സമ്പൂർണ്ണമാക്കുമോ; വിശദമാക്കുമോ? | (ഇ) | കേന്ദ്ര ഉപരിതല ഗതാഗത ദേശീയ പാത അഡീഷണൽ സെക്രട്ടറി 19.07.2023, 20.07.2023 എന്നീ ദിവസങ്ങളിൽ യോഗം നടത്തി നിർദ്ദേശങ്ങൾ റീജിണൽ ഓഫീസർമാർക്ക് നൽകിയതിനെ തുടർന്ന് എല്ലാ അപേക്ഷകൾക്കും തത്വത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി. നിരന്തരമായ മോണിറ്ററിങ്ങിലൂടെ തടസ്സങ്ങൾ നീക്കി |

| | | | |
|---|---|---|---|
| | | | പദ്ധതി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ